# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4428 — 21.03.2018 ൽ മറുപടിക്ക്

### ഭിന്നലിംഗക്കാർക്കെതിരെയുള്ള അക്രമം

| | ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഭിന്നലിംഗക്കാർക്കെതിരെ അക്രമം നടത്തിയത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഭിന്നലിംഗക്കാർക്കെതിരെ അക്രമം നടത്തിയത് സംബന്ധിച്ച് 12 കേസുകൾ (എറണാകുളം സിറ്റി-3, എറണാകുളം റൂറൽ-2, തൃശ്ശൂർ സിറ്റി-2, മലപ്പുറം-4, കോഴിക്കോട് സിറ്റി-1 എന്നീ ജില്ലകളിലായി) രജിസ്റ്റർ ചെയ്തിട്ടുണ്ട് |
| (ബി) | ഭിന്നലിംഗക്കാരെ പോലീസ് മർദ്ദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | സംസ്ഥാനത്ത് ഓരോ പോലീസ് സ്റ്റേഷനിലും ഇത്തരത്തിൽ ഭിന്നലിംഗക്കാരെ മർദ്ദിച്ചതായ എത്ര പരാതികൾ ഉണ്ട്; ആയതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ; | (സി) | സംസ്ഥാനത്ത് ഭിന്നലിംഗക്കാരെ പോലീസ് മർദ്ദിച്ചതായ ഒരു പരാതി ലഭിച്ചിട്ടുണ്ട്. ആയതിന് കോഴിക്കോട് സിറ്റി ടൗൺ പോലീസ് സ്റ്റേഷനിൽ ക്രൈം നം.663/17 u/s 341, 324 r/w 34 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.<br>തൃശ്ശൂർ സിറ്റിയിൽ ഭിന്നലിംഗക്കാരായ 3 പേർക്ക് നേരെ പോലീസ് അതിക്രമം നടത്തി എന്ന് ആരോപിച്ച് ടിയാളുകൾ സംസ്ഥാന പോലീസ് മേധാവിക്കും, ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലും സമർപ്പിച്ചിരുന്ന പരാതിയിന്മേൽ നടത്തിയ അന്വേഷണത്തിൽ ആരോപണ വിധേയരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കുറ്റം തെളിയിക്കപ്പെടാത്തതിനാൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണ്. |
| (ഡി) | ഭിന്നലിംഗക്കാരെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ? | (ഡി) | പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് കോഴിക്കോട് സിറ്റി ടൗൺ പോലീസ് സ്റ്റേഷനിൽ ക്രൈം നം.663/2017 ആയി രജിസ്റ്റർ ചെയ്ത കേസ്സിന്മേൽ അന്വേഷണം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ